# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 363 — 28-01-2019 ൽ മറുപടിയ്ക്ക്

## ബേപ്പൂർ തുറമുഖത്തിന്റെ വികസനത്തിനായി സ്വീകരിച്ച നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.കെ.സി.മമ്മത് കോയ : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബേപ്പൂർ തുറമുഖത്തിന്റെ വികസനത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; ഇതിനായി എത്ര തുക ചെലവഴിച്ചു; വിശദാംശങ്ങൾ നൽകുമോ ? | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ബേപ്പൂർ പോർട്ടിന്റെ വികസനത്തിനായി വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. കസ്റ്റംസ് ക്ലിയറൻസ് സൗകര്യം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായ ഇ.ഡി.ഐ സൗകര്യം ഏർപ്പെടുത്തുന്നതിന് കെ.എസ്.ഐ.ഇ.യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കോവിലകം ഭൂമി ഏറ്റെടുക്കുന്നതിന് 25.25 കോടി രൂപ അനുവദിച്ചു ; നടപടികൾ തുടരുന്നു. തുറമുഖത്തിന്റെ ആഴം വർദ്ധിപ്പിക്കുന്നതിനുള്ള Detailed Project Report തയ്യാറാക്കുന്നതിന് 35.4 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഡീറ്റെയ്ൽഡ് പ്രോജക്റ്റ് റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. ബേപ്പൂർ തുറമുഖത്ത് റോഡ്/റയിൽ കണക്റ്റിവിറ്റി സ്ഥാപിക്കുന്നതിനായി TEFR/DPR തയ്യാറാക്കുന്നതിന് IPRCL-നെ ചുമതലപ്പെടുത്തി; നടപടികൾ പുരോഗമിച്ചുവരുന്നു. ബേപ്പൂർ തുറമുഖത്ത് ബർത്ത് നിർമ്മിക്കുന്നതിനുള്ള ഡിസൈൻ തയ്യാറാക്കിയിട്ടുണ്ട്. ബേപ്പൂർ തുറമുഖത്തിന്റെ ആവശ്യത്തിനായി 3.28 കോടി രൂപ ചെലവിൽ 450 HP ശേഷിയുള്ള ഒരു ടഗ്ഗ് വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. 7.53 ലക്ഷം രൂപ ചെലവിൽ 3 ടൺ കപ്പാസിറ്റിയുള്ള ഫോർക്ക് ലിഫ്റ്റ് വാങ്ങി കമ്മീഷൻ ചെയ്ത് ഉപയോഗിച്ചുവരുന്നു . |

സെക്ഷൻ ഓഫീസർ